27 ശ്രീ. എം. വി. മാണി
28. ,, എൻ. മനോഹരൻ മാസ്ററർ
29. ,, മാത്യു സ്ററീഫൻ
30. ,, കെ. മുഹമ്മദാലി
31. ,, ടി. എച്ച്. മുസ്തഫ
32. ,, കെ. കെ. നായർ
33. ,, കെ. പി. നൂറുദ്ദീൻ
34. ,, ഉമ്മൻ ചാണ്ടി
35. ശ്രീമതി എം. ടി. പത്മ
36. ശ്രീ. കെ. രാഘവൻ മാസ്ററർ
37. ,, എം. വി. രാഘവൻ
38. ,, കെ. കെ. രാമചന്ദ്രൻ മാസ്ററർ
39. ശ്രീമതി റോസമ്മ ചാക്കോ
40. ശ്രീ. കെ. ശങ്കരനാരായണൻ
41. ,, പി. സീതി ഹാജി
42. ,, കെ. കെ. ശ്രീനിവാസൻ
43. ,, വി. എം. സുധീരൻ
44. ,, സി. എം. സുന്ദരം
45. ,, എം. പി. താമി
46. ,, പി. പി. തങ്കച്ചൻ
47. ,, സി. എഫ്. തോമസ്
48. ,, കെ. കെ. തോമസ്
49. ,, വയലാർ രവി
50. ,, കെ. പി. വിശ്വനാഥൻ

അനുകൂലിച്ചവർ .. 65
പ്രതികൂലിച്ചവർ .. 50
നിഷ്പക്ഷത പാലിച്ചവർ .. ആരുമില്ല

പ്രമേയം സഭ അംഗീകരിച്ചു. ഗ്രാൻറ് അനുവദിച്ചു.

# IX. റൂളിംഗ്

## 4. റൂളുകൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ഇവിടെ ഇന്നലെ ബഹുമാനപ്പെട്ട ടി. എം. ജേക്കബ് ഉന്നയിച്ച ഒരു ക്രമപ്രശ്നത്തെ സംബന്ധിച്ചുള്ള ഒരു റൂളിംഗിനെ സംബന്ധിച്ചാണ് പറയാൻ ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയും ബഹുമാനപ്പെട്ട ടി. എം. ജേക്കബും, രണ്ടുകൂട്ടരും അവരുടെ കാര്യം സഭയിൽ വ്യക്തമായി പ്രതിപാദിക്കുകയുണ്ടായി. ഇതിനെ സംബന്ധിച്ചിടത്തോളം ആമുഖമായി ഒരു കാര്യം നാം ഏവരും അറിഞ്ഞിരിക്കേണ്ടതാണ്. പാർലമെൻറ് പാസ്സാക്കുന്നതോ, സംസ്ഥാന നിയമസഭ പാസ്സാക്കുന്നതോ ആയ ആക്ററുകൾ അനുസരിച്ചുള്ള റൂളുകൾ ഗവൺമെൻറ് പുറപ്പെടുവിക്കുമ്പോൾ പ്രധാനമായി രണ്ടു വ്യവസ്ഥകളാണ് പരിപാലിക്കേണ്ടത്. 238-ാം വകുപ്പ് പ്രകാരം റൂൾസ്

LIBRARY ARCHIVES Kerala Legislative Assembly

പുറപ്പെടുവിക്കുന്നതിന് മുമ്പ് അതിന്റെ ഡ്രാഫ്റ്റ് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് അയച്ച് അവിടെ പരിശോധിച്ച് സ്ക്രൂട്ടിനി നടത്തി പിന്നീട് നോട്ടിഫൈ ചെയ്യണമെന്നുള്ളതാണ് വ്യവസ്ഥ. എന്തെങ്കിലും പ്രത്യേക അടിയന്തിര സ്വഭാവമുള്ള സന്ദർഭത്തിൽ ഗവൺമെന്റിന് ഡ്രാഫ്റ്റ് സബ്ജക്ട് കമ്മിറ്റിയുടെ മുമ്പാകെ വയ്ക്കാതെ തന്നെ നേരിട്ട് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാം. അങ്ങനെ പുറപ്പെടുവിച്ചു കഴിഞ്ഞാൽ എത്രയും പെട്ടെന്ന് ആ നോട്ടിഫിക്കേഷന് അതിനുള്ള കാരണങ്ങൾ സഹിതം സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് അയക്കണം. നേരത്തെ വരുന്ന നോട്ടിഫിക്കേഷനിൽ മാററം വരുത്താൻ സബ്ജക്ട് കമ്മിറ്റിക്ക് അധികാരമില്ല. അത് മാററം വരുത്താനുള്ള അധികാരം പിന്നെ സഭയ്ക്ക് മാത്രമാണ്. അതുപോലെ 166 അനുസരിച്ച് ഏതു റൂളും നോട്ടിഫൈ ചെയ്താൽ സബ്ജക്ട് കമ്മിറ്റിക്ക് പോയതായാലും ശരി അല്ലെങ്കിലും ശരി 168 അനുസരിച്ച് നോട്ടിഫൈ ചെയ്യുന്ന എല്ലാ റൂളുകളും സഭയുടെ മുമ്പാകെ എത്രയും പെട്ടെന്ന് വയ്ക്കണം. ഈ രണ്ട് വ്യവസ്ഥകളാണുള്ളത്. ഇതു രണ്ടും ഇൻഡിപെൻഡന്റ് ആണ്. ഒന്നിനോടൊന്ന് ബന്ധപ്പെട്ടിരിക്കുന്നതല്ല. രണ്ടും വെവ്വേറെ പ്രസക്തിയുള്ള രണ്ടു ചട്ടങ്ങളാണ്. ഈ ചട്ടങ്ങൾ അനുസരിച്ച് ആണ് ഞാൻ ഈ പ്രശ്നം പരിശോധിച്ചത്. ഈ റൂളുകൾ പുറപ്പെടുവിച്ചത് 1989 മേയ് മാസത്തിലാണ്. അത് ഇതുവരെ മേശപ്പുറത്തു വച്ചിട്ടില്ല എന്നുള്ളത് ശരിയാണ്. 166-ാം ചട്ടത്തിൽ ഇന്ന കാലപരിധിക്കുള്ളിൽ റൂൾ മേശപ്പുറത്ത് വയ്ക്കണമെന്ന് പറയുന്നില്ല. എന്നാൽ റൂൾ പുറപ്പെടുവിച്ചശേഷം കഴിയുന്നതുംവേഗം മേശപ്പുറത്ത് വയ്ക്കണമെന്ന് മൂലനിയമത്തിൽ വ്യവസ്ഥയുണ്ട്. ആയതിനാൽ റൂൾ പുറപ്പെടുവിച്ചശേഷം കഴിയുന്നതുംവേഗം അത് മേശപ്പുറത്ത് വയ്ക്കാൻ പരമാവധി ശ്രദ്ധിക്കേണ്ടതാണ്. ഈ നടപടിക്രമം ഇക്കാര്യത്തിൽ പരിപാലിച്ചിട്ടില്ല.

239-ാം ചട്ടത്തിന്റെ ഒന്നാം ക്ളിപ്ത നിബന്ധനയനുസരിച്ച് ഗവൺമെന്റിന് in the exigencies of service സബ്ജക്ട് കമ്മിറ്റിയെ കൺസൾട്ട് ചെയ്യാതെതന്നെ റൂൾ ഇഷ്യൂ ചെയ്യാം. പക്ഷേ ഇങ്ങനെ റൂൾ ഇഷ്യൂ ചെയ്താലുടനെതന്നെ സബ്ജക്ട് കമ്മിറ്റിയെ കൺസൾട്ട് ചെയ്യാതെ റൂൾ ഇഷ്യൂ ചെയ്യുന്നതിനുള്ള കാരണം കാണിച്ചുകൊണ്ട് പ്രസ്തുത റൂൾ കമ്മിറ്റിക്ക് കൊടുക്കണമെന്ന് അതേ ചട്ടത്തിന്റെ രണ്ടാം ക്ളിപ്ത നിബന്ധന വ്യവസ്ഥ ചെയ്യുന്നു. ഇക്കാര്യത്തിൽ ഈ വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല. പ്രസക്ത ഫയൽ കൈവശം വച്ച ഭരണ വകുപ്പിലെ ജോയിന്റ് സെക്രട്ടറി ഓഫീസിൽ വരാതിരുന്നതു മൂലമാണ് ഫയൽ കെട്ടിക്കിടക്കാനിടയായതെന്നും അതുകൊണ്ടാണ് സബ്ജക്ട് കമ്മിറ്റിക്ക് യഥാസമയം റൂളുകൾ അയക്കാൻ കഴിയാതിരുന്നതെന്നുമുള്ള മന്ത്രിയുടെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ മന്ത്രി മനഃപൂർവ്വം സഭയെ അവഹേളിച്ചതായി കരുതാൻ ന്യായം കാണുന്നില്ല. അതേസമയം സബ്ജക്ട് കമ്മിറ്റിയെ കൺസൾട്ട് ചെയ്യാതെ ചട്ടങ്ങൾ പുറപ്പെടുവിക്കുമ്പോൾ 238-ാം ചട്ടത്തിന്റെ രണ്ടാം ക്ളിപ്ത നിബന്ധന കർശനമായി പാലിക്കുവാൻ ഗവൺമെന്റ് ശ്രദ്ധിക്കണം. ഈ ചട്ടം പാലിക്കാതിരുന്നാൽ ആയത് സബ്ജക്ട് കമ്മിറ്റിയുടെ അർത്ഥപൂർണ്ണമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കും. ഭാവിയിൽ ഇപ്രകാരം സംഭവിക്കാതിരിക്കാൻ ജാഗ്രത പാലിക്കണമെന്ന് ഗവൺമെന്റിനോട് ഞാൻ നിർദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1989-ലെ കേരള ഗ്രന്ഥശാലാസംഘം (മാനേജ്മെന്റ് ഏറെറടുക്കൽ) ആക്ടിലെ വ്യവസ്ഥകളനുസരിച്ച് പിൽകാലപ്രാബല്യത്തോടുകൂടി റൂം ഇഷ്യൂ ചെയ്യുവാൻ അധികാരമില്ലെങ്കിലും അപ്രകാരം ചെയ്തുവെന്നതാണ് ശ്രീ. ടി. എം. ജേക്കബ് ഉന്നയിച്ച കാതലായ കാര്യം. ഇതൊരു നിയമ പ്രശ്നമാണ്. സ്പീക്കർ ഒരു ജഡ്ജിയായി പ്രവർത്തിക്കരുതെന്നാണ് അംഗീകൃത കീഴ്വഴക്കം. നിയമ പ്രശ്നങ്ങളിൻമേൽ സഭയുടെ പൊതുവായ വിവേകമനുസരിച്ചും ആത്യന്തികമായി കോടതികളുമാണ് തീരുമാനമെടുക്കേണ്ടത്. ആയതിനാൽ ഈ പ്രശ്നത്തിൽ ഞാൻ തീരുമാനമെടുക്കുന്നില്ല. സബോർഡിനേററ് ലെജിസ്ലേഷൻ കമ്മിററിയുടെ മുമ്പിൽ ഈ ചട്ടം വരുമ്പോൾ അവർക്ക് ഇക്കാര്യം പരിഗണിക്കാവുന്നതാണ്. ഒരു മുൻവിധി നൽകി പ്രസ്തുത കമ്മിററിയുടെ അധികാരസീമയിൽ ഇടപെടുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

ഇനി വേറൊരു പ്രശ്നം ശ്രീ. ജേക്കബ് ഉന്നയിച്ചത് ലാ ഡിപ്പാർട്ടുമെൻറുമായി കൺസൾട്ട് ചെയ്യാതെയാണ് ഇത് ഇഷ്യൂ ചെയ്തത് എന്നുള്ളതാണ്. അതുപോലെ ഇത് അഡ്മിനിസ്ട്രേററീവ് ഡിപ്പാർട്ടുമെൻറാണ് നോക്കിയത്. ഇതെല്ലാം സെക്രട്ടേറിയേററ് മാനുവലിലെ വ്യവസ്ഥകളാണ്. ആ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതിന് നടപടിയെടുക്കേണ്ടത് ഗവൺമെൻറാണ്. സംസ്ഥാന നിയമസഭ ആ കാര്യങ്ങൾ പരിശോധിക്കാൻ പറഞ്ഞാൽ പല ബുദ്ധിമുട്ടുകളും ഉണ്ടാകും. പക്ഷേ ഒരു കാര്യം; ഇവിടെ ലാ ഡിപ്പാർട്ടുമെൻറുമായി കൺസൾട്ട് ചെയ്തിട്ടില്ല എന്നുള്ള ശ്രീ. ടി. എം. ജേക്കബിന്റെ വാദഗതിയുണ്ട്. അതിൻമേൽ ഒരു തീരുമാനം എടുക്കുക എന്നുള്ളത് സഭയ്ക്ക് പുറത്തുള്ള ഒരു കാര്യമാണ്. സഭയെ സംബന്ധിച്ചിടത്തോളം ഇവിടെ ഒരു ചട്ടം വന്നു കഴിഞ്ഞാൽ, ആ പ്രിസംപ്ഷൻ എന്താണെന്നു ചോദിച്ചാൽ ഇതെല്ലാ നടപടികളും പൂർത്തിയാക്കി വരുന്നു എന്നാണ്. അതുകൊണ്ട് അതിന്റെ പിന്നാലെ പോകുന്നത് ശരിയല്ല. ആ കാര്യങ്ങളെ സംബന്ധിച്ച് വീഴ്ചകൾ ഉണ്ടെങ്കിൽ ഗവൺമെൻറ് അത് പരിശോധിക്കുകയും തിരുത്തുകയും ചെയ്യേണ്ടതാണ്.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1989 ജൂലൈ മാസം 19-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് ശേഷം 3.36-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly